# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **23-01-2025 - ൽ മറുപടിയ്ക്ക്**

### പെരിയ ഇരട്ട കൊലപാതക കേസിൽ സി. ബി. ഐ. അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പെരിയ ഇരട്ട കൊലപാതക കേസിൽ സി. ബി. ഐ. അന്വേഷണം സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാസർഗോഡ്, ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 81/2019 ആയി രജിസ്റ്റർ ചെയ്ത പെരിയ ഇരട്ട കൊലപാതക കേസിന്റെ അന്വേഷണം ലോക്കൽ പോലീസിൽ നിന്നും സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയിരുന്നു. ബഹു.ഹൊസ്ദുർഗ് കോടതിയിൽ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചു. തുടർന്ന് 01.12.2020 ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത കേസ് 02.12.2020 - ൽ സി.ബി.ഐ യ്ക്ക് കൈമാറി. |
| (ബി) | പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ നേതാക്കളടക്കം പ്രതികളായ കേസിൽ പ്രതികളെ സംരക്ഷിക്കാനാണ് കോടികൾ ചെലവിട്ട് സി.ബി.ഐ. അന്വേഷണം തടയാൻ ശ്രമിച്ചത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇന്ത്യൻ ഭരണ ഘടനയുടെ ഏഴാം പട്ടിക പ്രകാരം പബ്ലിക്ക് ഓർഡർ എന്നത് സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതുമാണ്. |
| (സി) | രാഷ്ട്രീയ കൊലപാതകങ്ങളിൽ നീതിയുക്തമായ അന്വേഷണം നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ കേസുകളിലും നീതിയുക്തവും, സുതാര്യവുമായ അന്വേഷണം നടത്തി പ്രതികൾക്കെതിരെ ശക്തമായി നിയമനടപടികൾ ആണ് ഉറപ്പുവരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ